കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

135 (1545) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ കോമ്പൻസേഷൻ പാക്കേജ് അനുവദിക്കുന്നതിനുവേണ്ടി ബഹു. ധനവകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ ;

(ഡി) അഗ്രോ ബസ്സാറുകൾക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാം ;

(ഇ) 2015-16 സാമ്പത്തിക വർഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ കോമ്പൻസേഷൻ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനായി കോർപ്പറേഷന്റെ ലാഭവിഹിതത്തിൽ നിന്നും പരമാവധി തുക നൽകിവരുന്നു.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഡി) അഗ്രോ ബസ്സാറുകൾക്കായി മാത്രം സ്ഥിരം തസ്തികകളൊന്നും അനുവദിച്ചിട്ടില്ല.

(ഇ) 2015-16 സാമ്പത്തിക വർഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാനത്ത് അഗ്രോ ബസാർ ശൃംഖലകൾ തുടങ്ങുന്നതിനായി 825 ലക്ഷം രൂപയുടെ പദ്ധതി.

2. സംസ്ഥാനത്ത് കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പരിസരത്ത് ഹൈടെക് ഫാമും കാർഷിക വ്യാപാര കേന്ദ്രവും സ്ഥാപിക്കുന്നതിനായി 400 ലക്ഷം രൂപയുടെ പദ്ധതി.

3. സംസ്ഥാനത്ത് 13 കേന്ദ്രങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ ഉപകരണങ്ങൾ, ഹൈടെക് കൃഷിക്കാവശ്യമായ സാമഗ്രികൾ, മഴവെള്ള സംഭരണികൾ ഇവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിൽക്കുന്ന കേന്ദ്രം ആരംഭിക്കുന്നതിനായി 130 ലക്ഷം രൂപയുടെ പദ്ധതി.

4. കോഴിക്കോട്ടും എറണാകുളത്തും അഗ്രോ തൊഴിൽ സേന സ്ഥാപിക്കുന്നതിനായി 80 ലക്ഷം രൂപയുടെ പദ്ധതി.

കേരള ബ്രാൻഡ് പദ്ധതി

136 (1546) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷിക്കുവേണ്ടി "കേരള ബ്രാൻഡ് പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) 'കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly